ഹദീസ്

സി.പി മുസമ്മിൽ കണ്ണൂർ
musammilcp@gmail.com

# നമസ്കാരശേഷം പതിവാക്കേണ്ട ദിക്റുകൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَنْ سَبَّحَ اللَّهَ فِي دُبُرِ كُلِّ صَلَاةٍ ثَلَاثًا وَثَلَاثِينَ وَحَمِدَ اللَّهَ ثَلَاثًا وَثَلَاثِينَ وَكَبَّرَ اللَّهَ ثَلَاثًا وَثَلَاثِينَ فَتِلْكَ تِسْعَةٌ وَتِسْعُونَ وَقَالَ تَمَامَ الْمِائَةِ: لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ غُفِرَتْ خَطَايَاهُ وَإِنْ كَانَتْ مِثْلَ زَبَدِ الْبَحْرِ (رَوَاهُ مُسلم)

**അബൂഹുറയ്റയിൽനിന്ന്. നബി(സ) പറഞ്ഞു: 'സുബ്ഹാനല്ലാഹ് 33 പ്രാവശ്യം അൽഹംദു ലില്ലാഹ് 33 പ്രാവശ്യം, അല്ലാഹു അക്ബർ 33 പ്രാവശ്യം ഇവ ഒരാൾ എല്ലാ നമസ്കാരങ്ങൾക്കു ശേഷവും ചൊല്ലിയാൽ 99 എണ്ണമാകും; ശേഷം ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ എന്ന് പറയുന്നതോടുകൂടി 100 തികയുന്നു. അപ്പോൾ അയാളുടെ പാപങ്ങൾ കടലിന്റെ പതയോളമാണെങ്കിലും പൊറുക്കപ്പെടുന്നതാണ് (മുസ്‌ലിം).**

നമസ്കാരം കഴിയുന്നതോടെ പരക്കം പായുന്നതാണ് പലരിലും കണ്ടുവരുന്ന പതിവ്. നമസ്കാരത്തിലെ നിർണിത അനുഷ്ഠാനങ്ങൾക്ക് ശേഷം പ്രാർഥനകളും ദിക്റുകളുമായി അല്ലാഹുവുമായി അടുത്തിടപഴകാനുള്ള അധിക സമയമാണത്.

ആ സമയത്തിന്റെ പ്രാധാന്യവും പ്രസക്തിയും വിളിച്ചോതുന്ന പ്രബലമായ നബിവചനമാണ് മുകളിൽ ഉദ്ധരിച്ചത്. അൽപനേരം അടങ്ങിയിരുന്ന് ദിക്റുകൾ ചൊല്ലുന്നത് പതിവാക്കിയാൽ, തന്നെ കാത്തിരിക്കുന്ന സമ്മോഹനമായ സമ്മാനങ്ങളുടെ പ്രഖ്യാപനമാണ് നബി ഇവിടെ നടത്തിയിരിക്കുന്നത്.

തന്റെ അടിമ തന്നെ പ്രകീർത്തിക്കുന്നതും വാഴ്ത്തുന്നതും സ്തോത്രം അർപ്പിക്കുന്നതും അല്ലാഹു ഇഷ്ടപ്പെടുന്നു. അത് നമസ്കാരശേഷമാകുമ്പോൾ അതിന് മഹത്വമേറെയാണ്.

സ്വീകരിക്കപ്പെടുന്ന പ്രാർഥനാ നേരങ്ങളിലൊന്നാണത്.

'ഫർദ് നമസ്കാരങ്ങൾക്കു ശേഷം *ആയത്തുൽ കുർസി* പാരായണം ചെയ്താൽ അവന്റെ സ്വർഗ പ്രവേശത്തിന് മരണമല്ലാതെ മറ്റ് തടസ്സങ്ങളൊന്നുമില്ല' എന്നും നബി (സ) പറഞ്ഞിട്ടുണ്ട്. പ്രവാചകൻ നമസ്കാരശേഷം പല ദിക്ർ - ഔറാദുകളും പതിവായി ഉരുവിടാറുണ്ടായിരുന്നുവെന്ന് ഹദീസുകളിൽ കാണാം. ഇതിൽനിന്നൊക്കെ മനസ്സിലാകുന്നത് നമസ്കാരത്തിലെന്നപോലെ ശേഷവും ഭക്ത്യാദരവോടെ നബി (സ) കുറച്ചുസമയം അവിടെത്തന്നെ ചെലവഴിക്കാറുണ്ടായിരുന്നു എന്നാണ്.

നമസ്കാരങ്ങൾക്കു ശേഷം സുന്നത്ത് നമസ്കാരങ്ങൾക്കും പ്രാർഥനക്കും സമയം കണ്ടെത്തേണ്ടതുണ്ട്. അശ്രദ്ധയും അലസതയും മറ്റും കാരണം നമസ്കാരശേഷം തിടുക്കത്തിൽ തിരിഞ്ഞു നടക്കുന്നവർ ചെയ്യുന്നത് തങ്ങളുടെ സ്വർഗപ്രവേശത്തിന്റെയും പാപമോചനത്തിന്റെയും നിമിത്തങ്ങളെ പുറംകാലുകൊണ്ട് ചവിട്ടി മാറ്റുകയാണ്. നമസ്കാരം നിർവഹിച്ച ഇടങ്ങളിൽനിന്നും (മസ്ജിദ്, മുസ്വല്ല) നടന്നു നീങ്ങി മറ്റു പ്രവർത്തനങ്ങൾക്കിടയിൽ വെച്ച് ദിക്ർ - ദുആ നടത്തുന്നതിനെ പണ്ഡിതന്മാർ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. അവിടെ വെച്ചു തന്നെ നിർവഹിക്കുന്നതാണ് ഉത്തമം. ഇമാം പിരിഞ്ഞു പോകുന്നതിനു മുമ്പ് അനിവാര്യമായ കാരണമില്ലാതെ സ്ഥലം വിടുന്നതിനെ അനഭിലഷണീയമായിട്ടാണ് (മക്റൂഹ്) പല പണ്ഡിതന്മാരും കണ്ടിരിക്കുന്നത്.

നമസ്കാരശേഷം പ്രവാചകൻ ചൊല്ലാറുണ്ടായിരുന്ന ദിക്റ്- ദുആകൾ കാണാപ്പാഠം പഠിക്കുകയും കഴിയുന്നത്ര കണിശത പാലിക്കുകയും ചെയ്യേണ്ടതുണ്ട്. പല നബിചര്യകളെയും സുന്നത്തെന്ന് (ഐഛികം) പറഞ്ഞ് മാറ്റിവെച്ച കൂട്ടത്തിൽ നമസ്കാരശേഷം പതിവാക്കേണ്ട ദിക്റുകളും പ്രാർഥനകളും പെട്ടു.

പാപപങ്കിലമായ പരിസരത്തുനിന്ന് വിമലീകരണത്തിന്റെ വിശാല വിഹായസ്സിലേക്ക് നമ്മെ വഴി നടത്തുന്ന ഈ നബിവചനം നമുക്കൊക്കെ പ്രചോദനവും സ്വർഗപ്രവേശത്തിന് നിമിത്തവുമായി മാറട്ടെ. ●